# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 615 | 30/6/2016 -ൽ മറുപടിക്ക്

## കായംകുളം മണ്ഡലത്തിലെ പൈപ്പുകളുടെ ജീർണ്ണാവസ്ഥ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. യു.പ്രതിഭാ ഹരി | ശ്രീ. മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കായംകുളം മണ്ഡലത്തിൽ ശുദ്ധജല വിതരണത്തിനായി വാട്ടർ അതോറിറ്റി സ്ഥാപിച്ചിട്ടുള്ള പൈപ്പുകൾ കാലപ്പഴക്കത്താൽ ജീർണ്ണാവസ്ഥയിലായിട്ടുള്ളതും പലപ്പോഴും ജീവജാലങ്ങളുടെ അവശിഷ്ടങ്ങൾ കുടിവെള്ളത്തിൽ പ്രത്യക്ഷപ്പെടുന്നുണ്ട് എന്നതും ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. കായംകുളം മണ്ഡലത്തിൽ ശുദ്ധജല വിതരണത്തിനായി വാട്ടർ അതോറിറ്റി സ്ഥാപിച്ചിട്ടുള്ള പൈപ്പുകളിൽ ഭൂരിഭാഗവും 35 വർഷത്തിനുമേൽ കാലപ്പഴക്കം ഉള്ളതാണ്. 300 എം.എം എ.സി മുതൽ 80 എം.എം എ.സി വരെയുള്ള പൈപ്പുകളാണ് നിലവിലുള്ളത്. 2011-ൽ കായംകുളം ബോട്ടുജെട്ടി ഭാഗത്ത് 2 തവണ ജീവജാലങ്ങളുടെ അവശിഷ്ടം കാണുകയും തുടർന്ന് പൈപ്പ് ലൈനിലെ ചോർച്ച കണ്ടെത്തി ലൈൻ സ്കവർ ചെയ്യുകയും സൂപ്പർ ക്ലോറിനേഷന് വിധേയമാക്കുകയുമുണ്ടായി. പിന്നീട് ഇത്തരം സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടില്ല. |
| (ബി) എങ്കിൽ പുതിയ പൈപ്പ് ലൈനുകൾ സ്ഥാപിച്ച് കുടിവെള്ള സുരക്ഷ ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ? | (ബി) നിലവിലുള്ള പഴയ എ.സി പൈപ്പുകൾ പൂർണ്ണമായും മാറ്റുന്നതിന് 10.00 കോടി രൂപയുടെ പ്രൊപ്പോസൽ കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

JSK/